# പ്രസ്താവന

നീണ്ട പതിനാലു വർഷത്തെ
നിരന്തര പരിശ്രമത്തന്റെ ഫലമായി
ഇപ്രകാരം ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ
ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഇതിന്റെ പിന്നിൽ ധാരാളം ആളുകളുടെ ആത്മാർത്ഥമായ
പരിശ്രമം ഉണ്ടായിട്ടുണ്ട്.
എല്ലാവർക്കും നന്ദി കരേറ്റുന്നു.

1972–ൽ പ്രസിദ്ധീകരിച്ച കുടുംബചരിത്രപ്പുസ്തകത്തിന്റെ
ചുവടുപിടിച്ച് എഴുതിയിരിക്കുന്ന ഈ പുസ്തകം
പൂർണ്ണവും കുറ്റമറ്റതുമാണ് എന്ന് അവകാശപ്പെടുന്നില്ല.
ലഭിച്ചവിവരങ്ങൾ പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈപ്പിഴ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ സദയം ക്ഷമിക്കയും
മേലിൽ അവ ഒഴിവാക്കത്തക്കവിധം ചൂണ്ടിക്കാണിക്കയും
പരിഹാരം നിർദ്ദേശിക്കയും ചെയ്യണം
എന്നഭ്യർത്ഥിക്കുന്നു.

കുടുംബയോഗത്തിനുവേണ്ടി

**ജേക്കബ് ജോസഫ്**
(വർക്കിങ്ങ് പ്രസിഡന്റ് )
ആകേരിൽ
മേൽപാടം.

**ജോൺ വർഗീസ്**
(സെക്രട്ടറി)
വള്ളക്കാലിൽ പുത്തൻ പുരയ്ക്കൽ
മേൽപാടം

## ആദ്യ പതിപ്പിന്റെ എഡിറ്റോറിയൽ

"കർത്താവേ! നീ തലമുറ തലമുറയായി ഞങ്ങളുടേ സങ്കേതമായിരിക്കുന്നു" (സങ്കീർത്തനം 90:1)

എനിക്ക് ഓർമ്മയായ നാൾ മുതൽ പൂർവ്വ പിതാവായ കോട്ടയിൽ കുഞ്ചാക്കോ തരകൻ അവറുകളുടെ ശ്രാദ്ധത്തിൽ സംബന്ധിക്കുന്നതിനുള്ള സൗഭാഗ്യം ഉണ്ടായിട്ടുണ്ട്. കുടുംബപിതാവിനെ സ്മരിക്കുന്നതിനും, ആണ്ടിലൊരിക്കൽ കുടുംബാംഗങ്ങളിൽ കുറേപ്പേരെയെങ്കിലും ഒരുമിച്ചുകാണുന്നതിനും ഈ അവസരം പ്രയോജകീഭവിച്ചിട്ടുണ്ട്. ആചാരങ്ങളും അഭിപ്രായങ്ങളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ ശ്രാദ്ധത്തിനും വ്യതിയാനം സംഭവിച്ചേക്കാം. തലമുറകൾ കഴിയുന്തോറും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം അകലുകയും പരസ്പര സ്നേഹം കുറയുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഭാവിതലമുറയ്ക്ക് കുടുംബബന്ധങ്ങൾ മനസ്സിലാക്കുന്നതിന് കുടുംബചരിത്രം എത്രയും ആവശ്യമാണ്.

പൂർവ്വ രേഖകൾ വ്യക്തമായി സൂക്ഷിക്കാത്ത ഒരു കുടുംബത്തിന്റെ ചരിത്രം എഴുതിയുണ്ടാക്കുക വളരെ ശ്രമസാദ്ധ്യമാണ്. ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് കുടുംബാംഗങ്ങളിൽ ചിലർ ചരിത്ര രചനയ്ക്ക് മുമ്പോട്ടുവന്നു. അന്ന് കുടുംബമൂപ്പനായിരുന്ന കോട്ടയിൽ പുത്തൻപറമ്പിൽ ചാക്കോച്ചൻ, പുത്തൻപുരയിൽ കുടുംബാംഗമായ ചെമ്പുംപുറം തറയിൽ തോമാച്ചൻ, അത്തിമൂട്ടിൽ ഈപ്പൻ മാത്തൻ, സഹോദരി കൊച്ചീത്താമ്മ എന്നീ ബന്ധുക്കളിൽ നിന്നും പല വിവരങ്ങളും സമ്പാദിച്ചു. ആ വിവരങ്ങൾ ആസ്പദമാക്കി പട്ടേരിപ്പുരയ്ക്കൽ ശ്രീ. പി. സി. മാത്യുവും കോട്ടയിൽ പുത്തൻപറമ്പിൽ ശ്രീ. പി. സി. ജോർജും ഒരു കയ്യെഴുത്ത് രേഖ തയ്യാറാക്കി. ഈ ഗ്രന്ഥനിർമ്മാണത്തിന് ഏറ്റവും സഹായകമായിരുന്നു പ്രസ്തുത രേഖ. 1969 ൽ ശ്രാദ്ധത്തിൽ സംബന്ധിച്ച കുടുംബാംഗങ്ങൾ പുരോഗമന

പരമായ ചില കാൽവയ്പുകൾക്ക് നിർദ്ദേശം നൽകിയതിന്റെ ഫല മായി ഭാവി പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു കുടുംബയോഗ കമ്മ റ്റിയെ തെരഞ്ഞെടുത്തു. കമ്മറ്റി പ്രസിഡന്റ് പട്ടേരിപ്പുരയ്ക്കൽ ശ്രീ. ജോസഫ് ചാക്കോ, വൈസ് പ്രസിഡന്റ് വള്ളക്കാലിൽ ശ്രീ. ജേക്കബ് പെരുമാൾ, സെക്രട്ടറി ആകേരിൽ പുത്തൻ പറമ്പിൽ തോമസ് പി. മാത്യു എം. എ. എന്നിവരായിരുന്നു. കുടുംബശാഖകളിൽ നിന്നും ഈരണ്ടുപേരെ കമ്മറ്റി അംഗങ്ങളായി ഉൾപ്പെടുത്തിയിരുന്നു.

ഈ കമ്മറ്റിയുടെ ശ്രമഫലമായി 1969 ആഗസ്റ്റ് 27 ന് കേരള ത്തിൽ മാത്രമല്ല, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചുവ രുന്ന കുടുംബാംഗങ്ങളെ സംബന്ധിപ്പിച്ച് വിവിധ കലാപരിപാടിക ളോടുകൂടി കുടുംബയോഗം പരേതനായ വള്ളക്കാലിൽ ശ്രീ. വി. ജെ. ഇട്ടിച്ചെറിയാ ബി. എ., എൽ. ററി. യുടെ വസതിയിൽ വച്ച് നട ത്തി. യോഗാദ്ധ്യക്ഷനായിരുന്ന പട്ടേരിപപ്പുരയ്ക്കൽ ജോസ്ഫ് ചാക്കോയ്ക്ക് അനാരോഗ്യം മൂലം യോഗത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. യോഗനടപടികൾ എന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെ ട്ടു. പ്രസ്തുത യോഗത്തിൽ കുടുംബചരിത്ര നിർമ്മാണത്തെപ്പറ്റിയുള്ള എന്റെ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ കുടുംബാംഗങ്ങൾ സസന്തോഷം വേണ്ട സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു. ആ മഹൽ കൃത്യം നിർവ്വഹിക്കുന്നതിന് എന്നെ ചുമതലപ്പെടുത്തി. അങ്ങ നെയാണ് ഈ മഹാസാഹസത്തിന് ഞാൻ ഒരുമ്പെട്ടത്.

വീയപുരം – മാന്നാർ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഏകദേശവിവരങ്ങൾ മുൻപറഞ്ഞ രേഖയിലുണ്ടായിരുന്നെങ്കിലും പൂർവ്വചരിത്രം അന്വേഷിച്ചറിയേണ്ടിയിരുന്നു. കൈതപ്പറമ്പിൽ ഡോ. കെ. സി. ജോണിന്റെ നേതൃത്വത്തിലുള്ള സബ് കമ്മറ്റി ആ കൃത്യം ഏറ്റെടുത്ത് സ്തുത്യർഹമാം വിധം നിർവ്വഹിച്ച് എന്നെ സഹായിച്ചു.

1971 ൽ പാവുക്കര കോട്ടയിൽ നിരണത്തേപ്പുരയ്ക്കൽ വച്ച് നടത്തപ്പെട്ട കുടുംബയോഗത്തിൽ പുതിയ പ്രവർത്തക സമിതിയെ തെരഞ്ഞെടുക്കുകയും സെക്രട്ടറി പി. ഐ ഏബ്രഹാമിന്റെ ചുമതല യിൽ കുടുംബ ചരിത്ര രചനയ്ക്ക് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കുടുംബചരിത്ര നിർമ്മാണത്തിന്റെ

പ്രവർത്തനം 1969 ൽ തന്നെ ആരംഭിച്ചുവെങ്കിലും ശാഖാംഗങ്ങളുടെ വിവരങ്ങൾ ലഭിക്കുവാനുണ്ടായ കാലതാമസം മൂലം ഗ്രന്ഥരചനയ്ക്ക് മൂന്ന് വർഷം എടുക്കേണ്ടിവന്നു. കുടുംബചരിത്ര കമ്മറ്റി നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും വിശിഷ്യാ കിട്ടിയിടത്തോളം ഫോട്ടോകളും ഇതിൽ ചേർത്തിട്ടുണ്ട്. ഈ ഉദ്യമത്തിൽ ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുതന്ന എല്ലാ കമ്മറ്റിയംഗങ്ങളോടും എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇതിന്റെ അവതാരിക എഴുതിത്തന്ന, വിദ്വാൻ കടപ്ര രാമൻ പിള്ള അവർകളോടും ഞാൻ കൃതജ്ഞനാണ്.

ആദ്യകുടുംബയോഗത്തിൽ വന്ന് സംബന്ധിക്കുകയും അന്വേഷണ കമ്മറ്റിയെ സഹായിക്കുകയും ചെയ്തുതന്ന കുറവിലങ്ങാട്ട് കോട്ടയിൽ കുടുംബാംഗമായ വർക്കിത്തരകൻ അവറുകളുടെ മഹനീയ സേവനത്തെ നന്ദിയോടുകൂടി സ്മരിക്കുന്നു. ഈ സദുദ്യമത്തിൽ ഇതിന്റെ മുദ്രണത്തിൽ സഹായിച്ച ചിത്രാ പ്രസ്സ് അധികൃതർക്കും എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥം ഒരു പൂർണ്ണ കുടുംബചരിത്രം എന്ന പേര് അർഹിക്കുന്നില്ല. അപൂർണ്ണതകളും അപാകതകളും ഇതിൽ വളരെയുണ്ട്. വല്ല തെറ്റുകളും കടന്നുകൂടിയിട്ടുണ്ടെങ്കിൽ കുടുംബാംഗങ്ങൾ സദയം ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു.

കുടുംബത്തിന്റെ ഭാവി, ഇപ്പോഴുള്ള തലമുറക്കാരുടെ കൈകളിൽ സുരക്ഷിതമായിരിക്കുമെന്ന് ആശിച്ചുകൊണ്ടും, ഭാവിതലമുറക്കാർ തങ്ങളുടെ ചുമതലകൾ വേണ്ടവണ്ണം നിറവേറ്റുമെന്നുള്ള പ്രത്യാശയോടും എല്ലാവർക്കും അളവറ്റ ദൈവകാരുണ്യം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈ മുഖവുര ഉപസംഹരിച്ചുകൊള്ളുന്നു.

പാവുക്കര
സെപ്റ്റംബർ 1972 — ജേക്കബ് പെരുമാൾ.

## ആദ്യ പതിപ്പിന്റെ അവതാരിക

മനുഷ്യൻ പൂർണ്ണനാകുമ്പോൾ അവനും ഈശ്വരനും തമ്മിൽ അന്തരമില്ലാതാകുന്നു, മനുഷ്യൻ ഈശ്വരതുല്യനായിത്തീരുന്നു, ഈശ്വരനായി രൂപം കൊള്ളുന്നു. പൂർണ്ണമായ മനുഷ്യത്വം അത്ര അഭികാമ്യമാണ്, അനഭിഗമ്യമാണ്. അനന്തമായ ഈ പൂർണ്ണതയിൽ ചെന്നെത്താൻ സാധിച്ചാലും ഇല്ലെങ്കിലും അതിലേക്കുള്ള പ്രയാണ മായിരിക്കണം മനുഷ്യ ജീവിതം. അന്ത്യവിശ്രമസ്ഥലമായ ശ്മശാന ത്തിലേക്കും പൂർണ്ണതയുടെ ലക്ഷ്യത്തിലേക്കും ഒന്നിച്ചുള്ള ഈ ക്ലിപ്തകാലയാത്രയിൽ തരണം ചെയ്യുന്ന ഘട്ടങ്ങളെ – അഥവാ ഭൂത കാല പ്രവണതകളെ – അപ്പോഴപ്പോൾ തിരിഞ്ഞുനിന്ന് പുനരവ ലോകനം ചെയ്യുന്നത് ഭാവിയെ കൂടുതൽ ഫലപ്രദമാക്കുന്ന ഒരു പരിശീലനമാണ് – എവിടെയെങ്കിലും തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ ആ തെറ്റ് ആവർത്തിക്കാതിരിക്കാനും പുരോഗതിക്ക് വഴി ഒരുക്കുവാനു മുള്ള ഒരു ശിക്ഷണമാണ് വ്യക്തിപരമായ ഈ ഭൂതകാല വീക്ഷണ ത്തിന്റെ വിഷയം. വ്യക്തിക്കു പകരം കുടുംബമാകുമ്പോൾ അത് കുടുംബചരിത്രമായിത്തീരുന്നു. രാജ്യമാകുമ്പോൾ രാജ്യചരിത്രം. വ്യക്തിയുടേതായാലും കുടുംബത്തിന്റേതായാലും, രാജ്യത്തിന്റേതാ യാലും ഭൂതകാല വൃത്താന്തങ്ങളാണ് ചരിത്രത്തിന് വിഷയമായിത്തീ രുന്നത്.

ഭൂതകാലം കഴിഞ്ഞുപോയതാണെങ്കിലും അത് വർത്തമാന കാലത്തിലും ഭാവികാലത്തിലും നമ്മോടൊപ്പം തന്നെയുണ്ട്. ഇന്ന് നമുക്കുള്ളതെല്ലാം ഭൂതകാലം കാഴ്ചവച്ചിട്ടുള്ളതാണ്. അതിനെ വർത്തമാനത്തിന്റെ പാതയിലൂടെ നയിച്ച്, സർഗ്ഗാത്മകമായ ഭാവിയു മായി ബന്ധിപ്പിക്കുക എന്നുള്ളതാണ് ജീവിതം. ഇങ്ങനെയുള്ള ജീവി തങ്ങളാണ് ഒരു കുടുംബത്തെയും ഒരു രാജ്യത്തെയും ധന്യമാക്കു ന്നത്.

കുടുംബചരിത്രത്തിന്റെ സാദ്ധ്യതകൾ ബഹുമുഖങ്ങളാണ്. ലോകത്തിൽ ഒരു മനുഷ്യന് ഏറ്റവും പ്രിയപ്പെട്ട സ്ഥലമാണ് അവന്റെ

കുടുംബം. അത് ഒരു കുടിലായാലും കൊട്ടാരമായാലും ദാരിദ്ര്യ ത്തിന്റെ മണൽക്കാടായാലും ഐശ്വര്യത്തിന്റെ മണിമേടയായാലും പരമാർത്ഥമായ ജീവിതത്തിന്റെ ആനന്ദം നാം ആദ്യമായി അനുഭവി ക്കുന്നത് കുടുംബത്തിൽ നിന്നാണ്. നിസ്വാർത്ഥസേവനത്തിന്റെ ബാല പാഠം പഠിക്കുന്നത് ആ വിദ്യാലയത്തിൽ വച്ചാണ്. ആ പ്രാഥമിക ആശ്രമത്തിലെ പാവന ജീവിതത്തിൽ ഹൃദയ വിശാലതയും സേവന സന്നദ്ധതയും വളർന്നുവളർന്ന് ഒടുവിൽ മനുഷ്യസമൂഹത്തെ മുഴു വനും ഒന്നുപോലെ സ്നേഹിക്കുന്ന അവസ്ഥയിലെത്തുന്നു. അവിടെനിന്നും ഉയർന്ന് "പുല്ലുകലും പുഴുക്കളും കൂടിത്തൻ കുടും ബക്കാരായി" കാണപ്പെടുന്നു. ഈ വഴിയിൽക്കൂടിയാണ് അഖണ്ഡ മായ ഈശ്വരസ്നേഹത്തിൽ ചെന്നുചേരുന്നത്.

ഒരു വിപുലമായ കുടുംബത്തിലെ അംഗങ്ങൾ ഒരു കുടുംബ ക്കാരാണെന്ന് അന്യോന്യം അറിയുന്നതും അതുതന്നെ എപ്പോഴും ചിന്തിക്കുന്നതും സുസ്ഥിതമായ മമതാബന്ധത്തിന് കാരണമാണ്. അങ്ങനെ അവർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു. അതുകൊണ്ടു തന്നെ സുസ്ഥിരമായ ഐക്യത്തിന്റെ ആശ്ലേഷത്തിൽ ഇണങ്ങിച്ചേ രുന്നു. ഒരു കുടുംബത്തിന് നേരിടുന്ന ദുഃഖം പൊതുകുടുംബത്തി ന്റേതായിത്തീർന്ന് അത് ലഘൂകരിക്കപ്പെടുന്നു – പെട്ടന്ന് പരിഹരി ക്കപ്പെടുന്നു. അതുപോലെതന്നെ സുഖവും പൊതുപ്പെട്ടതായിത്തീ രുന്നു. പൊതുവേ ഓരോരുത്തർക്കും വേണ്ടി പ്രവർത്തിക്കുവാൻ അനേകം ആളുകൾ സദാ സന്നദ്ധരായി നിൽക്കുന്നു. ഈ പരിത സ്ഥിതിയിൽ ഒരു കുടുംബത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളുടെ ചരിത്രം രേഖപ്പെടുത്തുന്നത് അനന്തരതലമുറകൾക്ക് പഠിക്കാനും അനുകരി ക്കാനും അങ്ങനെ ആ സംസ്കാരം നിലനിർത്താനും സാധി ക്കുന്നുവെന്നുള്ളതാണ് കുടുംബചരിത്രത്തിനുള്ള പ്രാധാന്യം.

കോട്ടയിൽ കുടുംബം സമ്പൽ സമൃദ്ധിയിലും സംസ്കാര സമ്പത്തിലും മേൽക്കുമേൽ വളർന്നുവരുന്ന ഒരു വിശിഷ്ട കുടുംബ മാണ്. ഭദ്രവും ശാശ്വതവുമായ ആത്മീയതയുടെ അടിത്തറയിലാണ് ഈ കുടുംബം പടുത്തുയർത്തിയിട്ടുള്ളത്. ഇതിന്റെ ആദികാല ചരിത്രം പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട മത്തായി കത്തനാർ, ബഹനാൻ കത്തനാർ, മാത്തൻ കത്തനാർ, കോരുത് തോമ്മാ കത്ത

നാർ മുതലായ പൂർവ്വിക കുടുംബനാഥന്മാരാണ് ഒന്നാമത്തെ പന്തിയിൽ കാണുന്നത്. ഇവരുടെ പൂർവ്വികന്മാരിൽ ചിലർ മാർത്തോമ്മാ ശ്ലീഹായിൽ നിന്നു തന്നെ പൗരോഹിത്യം സിദ്ധിച്ചവരായിട്ടാണ് അറിയപ്പെടുന്നത്. ഇപ്പോൾ നൂറ്റിയമ്പതോളം ശാഖാ കുടുംബങ്ങളും 700 ൽ പരം അംഗങ്ങളും ഈ കുടുംബശാഖയിലെ കണ്ണികളായി ശോഭിക്കുന്നു. വിദ്യാ സമ്പത്തിലും കാർഷികവൃത്തിയിലും അതിപ്രധാനമായ ഒരു സ്ഥാനമാണ് കോട്ടയിൽ കുടുംബക്കാർ അവകാശപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസവും ഉൽകൃഷ്ഠമായ ഔദ്യോഗിക ജീവിതവും കൊണ്ട് പല അംഗങ്ങളും ജീവിത സൗഭാഗ്യം അനുഭവിക്കുന്നവരാണ്. കൂടാതെ ഇന്നുള്ള എല്ലാവരും തന്നെ അഭിമാനാർഹമായ സ്വാശ്രയ ജീവിതം നയിക്കുന്നവരാണ്.

ദീർഘകാലം വീയപും – പായിപ്പാട് യു. പി. സ്കൂൾ അദ്ധ്യാപകനായിരുന്ന എനിക്ക് ഈ കുടുംബ ക്കാരിൽ പലരുമായി സമ്പർക്കം പുലർത്തുന്നതിനും ആത്മാർത്ഥമായ സഹോദരബന്ധം നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ആ ബന്ധം ഇന്നും നിലനിന്ന് പോരുന്നു. ഈ അവതാരിക എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് ഈ സൗഹാർദ്ദബന്ധം തന്നെയാണ്. സംസ്കാരസമ്പന്നവും സർവ്വധാ അനുഗൃഹീതവുമായ ഈ കുടുംബത്തിന്റെ പാരമ്പര്യം ശരിയായി പഠിക്കുന്നതിനും പൂർവ്വികന്മാരുടെ ഉന്നതാദർശങ്ങളും ഉത്തമതാൽപര്യങ്ങളും കാലോചിതമായി പരിപോഷിപ്പിച്ച് നിലനിർത്തുന്നതിനും പിൻതലമുറകൾക്ക് ഈ ഗ്രന്ഥം പ്രചോദനം നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ കുടുംബചരിത്രഗ്രന്ഥം ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

വിദ്വാൻ കടപ്ര രാമൻ പിള്ള,

വളഞ്ഞവട്ടം.

## പരിഷ്കരിച്ച പതിപ്പിന്റെ എഡിറ്റോറിയൽ

2001 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ഞാൻ വിശ്രമ ജീവിതം നയിക്കാമെന്നുള്ള ആഗ്രഹത്തിൽ മേൽപാടത്തെ സ്വന്തം കുടുംബത്തിൽ എത്തിച്ചേർന്നു. തുടർന്ന് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണച്ചുമതല എന്നിൽ ഭരമേൽപിക്കപ്പെട്ടു. ആയതിന്റെ പ്രവർത്തനത്തിൽ വ്യാപൃതനായി എങ്കിലും അവിചാരിതമായി ചില തടസ്സങ്ങൾ പുസ്തകത്തിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചു എന്നാൽ കമ്മിറ്റി അംഗങ്ങളുടെയും ആകേരിൽ ജാജി ജേക്കബ്, മൂന്നാലിയ്ക്കൽ തോമസ് മാത്യു എന്നിവരുടെയും സമയോചിതമായ ഇടപെടലും പ്രവർത്തനവും കാരണം ശേഖരിച്ചുവയ്ക്കപ്പെട്ടിരുന്ന വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുകയും ചെയ്തു.

ഇപ്രകാരം ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ എന്നെ ചുമതലപ്പെടുത്തുകയും കൂട്ടായപരിശ്രമത്തിലൂടെ ആയത് സാധിതമാക്കിത്തീർക്കുവാൻ സഹകരിക്കയും ചെയ്ത കോട്ടയിൽ കുടുംബയോഗത്തോടും കമ്മിറ്റി അംഗങ്ങളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ആവശ്യമായ വിവരങ്ങൾ കൃത്യ സമയത്തുതന്നെ എത്തിച്ചുതന്ന കുടുംബാംഗങ്ങളോടും പ്രസിദ്ധീകരണത്തിന് ഫോട്ടോകൾ നൽകി സഹായിച്ചവരോടും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രോൽസാഹിപ്പിച്ചവരോടും കടപ്പെട്ടിരിക്കുന്നു.

പ്രിന്റിങ്ങ് ഭംഗിയായി നിർവഹിച്ചുതന്ന PAT Printers Kadapra യോടും Layout, D.T.P, Cover Disigning ജോലികൾ ചെയ്ത ബഥേൽ എന്റർപ്രൈസസിനോടും നന്ദി അറിയിക്കുന്നു.

375 ൽ പരം കുടുംബങ്ങളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പാർക്കുന്ന കുടുംബാംഗങ്ങളുടെ വിവരങ്ങൾ പരമാവധി ശേഖരിച്ച് പൂർണതയ്ക്കുവേണ്ടി ശ്രമിച്ചിട്ടുണ്ട്. എങ്കിലും പൂർണത അവകാശപ്പെടുവാൻ സാധിക്കുന്നില്ല.

പുതുതലമുറയിൽ പലരും മോല്പാടം കണ്ടിട്ടില്ല. മലയാളം അറിയില്ലതാനും. അങ്ങിനെയുള്ളവർക്കുവേണ്ടി കുടുംബചരിത്രം സംക്ഷിപ്തമായി ഇംഗ്ലീഷിൽ ചേർത്തിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഡയറക്ടറിയും ബന്ധങ്ങൾ ഊഷ്മളമാക്കുവാൻ സഹായിക്കും എന്ന് കരുതുന്നു.

കോട്ടയിൽ കുടുംബം എന്ന ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ കുടുംബ ബന്ധങ്ങളും പാരമ്പര്യങ്ങളും ഉയർത്തിപ്പിടിക്കുവാൻ ഇടയാകട്ടെ എന്ന് ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു.

മേൽപാടത്തെ കോട്ടയിൽ കുടുംബത്തിന്റെ സ്ഥാപകൻ കുഞ്ചാക്കോ തരകൻ കുറവിലങ്ങാട്ട് ആലപ്പാട്ട് കുടുംബത്തിലെ ഐപ്പു തരകന്റെ സഹോദരനാണ് എന്നുകാണിക്കുന്ന ഭാഗം പകലോമറ്റം മഹാകുടുംബയോഗം 2005 ആഗസ്റ്റ് 25 ന് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നിന്നും അതേപടി ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. നിരണം പള്ളി വികാരിയായിരുന്ന പുത്തൻ വീട്ടിൽ ബഹനാൻ കത്തനാർ സുറിയാനിയിൽ എഴുതിയ കഷ്ടാനുഭവാഴ്ചയിലെ പ്രാർത്ഥനകളടങ്ങിയ പുസ്തകത്തിന്റെ ആദ്യ പേജും അതിന് ഫാ. പി.വി. നൈനാൻ കണ്ണേരിൽ എഴുതിയ പരിഭാഷയും ഉൾപ്പെടുത്തിയിരിക്കുന്നു.


നമ്മുടെ പൂർവ്വികർ കാട്ടിത്തന്ന മഹനീയ മാതൃകകൾ പിൻപറ്റിക്കൊണ്ട് ഏർപ്പെട്ടിരിക്കുന്ന രംഗങ്ങളിൽ വിശ്വസ്തതയോടെയും ത്യാഗമനോഭാവത്തോടെയും സമൂഹത്തിന് സേവനം ചെയ്യാം. പൗരാണികതയിൽ മുറുകിപ്പിടിക്കയും ഒപ്പം നവോത്ഥാനത്തിന് നേതൃത്വം നൽകുകയും ചെയ്യുവാൻ ശ്രമിക്കാം. ആയതിലൂടെ ദൈവ നാമം മഹത്വപ്പെടുവാനിടയാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

നിങ്ങളുടെ എളിയ സഹോദരൻ,


മേൽപാടം,
31.12.2005.

**കെ. എസ്സ്. ഗീവർഗീസ്**
(എഡിറ്റർ)
കോട്ടയിൽ കണ്ണേരിൽ
മേൽപാടം



മേൽപാടം കോട്ടയിൽകുടുംബത്തിന്റെ വള്ളക്കാലിൽ ശാഖാംഗമായ ഉമ്മൻ ചാണ്ടി, വി.ജെ. ഉമ്മൻ എം. എൽ.സിയുടെ പൗത്രനാണ്. പതുപ്പള്ളി കരോട്ടുവള്ളക്കാലിൽ കെ.ഒ. ചാണ്ടിയുടെയും ബേബിയുടെയും മകനായി 1943 ഒക്ടോബർ 31 ന് ജനിച്ചു. കെ.എസ്.യു വിലൂടെ രാഷ്ട്രീയത്തിൽ എത്തി. കേരളാ ബാലജനസഖ്യം സംസ്ഥാന പ്രസിഡന്റായിരുന്നു. 1970 മുതൽ പുതുപ്പള്ളി നിയമസഭാ മണ്ഡലത്തിന്റെ പ്രതിനിധിയാണ്. തൊഴിൽ, ആഭ്യന്തരം, ധനം വകുപ്പുകളുടെ മന്ത്രിയായി. യു ഡി. എഫ് കൺവീനറായിരിക്കുമ്പോൾ മുഖ്യമന്ത്രിപദത്തിലേക്ക് ഉയർത്തപ്പെട്ടു.

*ലാളിത്യത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും*
*കേരളാ മുഖ്യമന്ത്രിയായി*
*കുടുംബത്തിന്റെ യശസ്സ് ഉയർത്തിയ*
*കുഞ്ഞൂഞ്ഞിന്*
*കോട്ടയിൽ കുടുംബത്തിന്റെ*
*ഹൃദയം നിറഞ്ഞ ആശംസകൾ.*



ബഹനാൻ കത്തനനാർ സ്വന്തം കൈപ്പടയിൽ എഴുതിയ
പ്രാർത്ഥനപ്പുസ്തകത്തിന്റെ ആദ്യ പേജ്
(ഈ പുസ്തകം ഫാ. നൈനാൻ കണ്ണേരിൽ ഭദ്രമായി സൂക്ഷിക്കുന്നു)

**ബഹനാൻ കത്തനനാർ**
**സ്വന്തം കൈപ്പടയിൽ എഴുതിയ**
**പ്രാർത്ഥനപ്പുസ്തകത്തിന്റെ**
**ആദ്യ പേജിന്റെ വിവർത്തനം**

വീണ്ടും! വിശുദ്ധ കഷ്ടാനുഭവാഴ്ചാ ക്രമം, ദൈവം മുഖാന്തിരം ഞങ്ങൾക്ക് ദാനം ചെയ്ത പുസ്തകങ്ങളിൽ തിങ്കളാഴ്ചയുട പ്രാത്ഥന.

കഷ്ടതയ്ക്ക് ഒരുക്കപ്പെട്ടതായ കത്താവ് ജഡത്തിൽ നമുക്കു വേണ്ടി കഷ്ടത അനുഭവിക്കുകയും, പാപത്തിന്റെ കഷ്ടതയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും ചെയ്തു. അവിശുദ്ധമോഹങ്ങളേയും ഉപദ്രവങ്ങളേയും ഞങ്ങളിൽനിന്ന് വിലക്കേണമേ!

നിന്റെ വിശുദ്ധ കഷ്ടാനുഭവത്തിൽ കഷ്ടത അനുഭവിപ്പാനും ഞങ്ങൾക്ക് സംഗതിതരേണമേ.

അപ്രകാരം നിനക്കും നിന്റെ പിതാവിനും സ്തുതിയും സ്തോത്രവും അടക്കം കൂടാതെ അവിടെ കരേറ്റുവാനും നിർമ്മലവും– പുതിയതുമായ ജീവിതത്തിൽ മഹത്വപ്പെടുവാനുമായിട്ടു തന്നെ

<u>പ്രമിയോൻ സന്ധ്യയുടേത്</u>

തന്റെ മനുഷ്യത്വത്തിൽ തിരുവിഷ്ടപ്രകാരം കഷ്ടതയ്ക്കു വന്നതായി തന്റെ ആസ്തികൃത്തിൽ കഷ്ടത ഇല്ലാത്തവനായിരിക്കെ– ഞങ്ങളുടെ...........

പരിഭാഷപ്പെടുത്തിയത്
ഫാ. പി. വി. നൈനാൻ കണ്ണേരിൽ

**പകലോമറ്റം മഹാകുടുംബയോഗം 2005 ൽ പ്രസിദ്ധീകരിച്ച കുടുംബചരിത്ര പുസ്തകത്തിൽ നിന്ന്.**
**(പേജ് 96 & 97)**

## കോട്ടയിൽ – മേൽപാടം

കുറവിലങ്ങാട് ആലപ്പാട്ട് കുടുംബത്തിലെ ഐപ്പ് തരകന്റെ സഹോദരന്മാരിൽ ഒരാളാണ് കുഞ്ചാക്കോ തരകൻ. കോട്ടയിൽ പറമ്പ് അദ്ദേഹത്തിന് അവകാശപ്പെട്ടതായിരുന്നു. അവിടെ അദ്ദേഹം 1790 ൽ പമ്പാനദിയുടെ തെക്കേതിൽ കാർത്തികപ്പള്ളി താലൂക്കിൽ വീയപുരം വില്ലേജിൽ മേൽപാടത്ത് വന്ന് കോട്ടയിൽ എന്ന പേരിൽ താമസിച്ചു. കിടങ്ങറയ്ക്കടുത്തുള്ള കുന്നങ്കരി വാഴയിൽ നിന്നും അദ്ദേഹം വിവാഹം ചെയ്തു.

കുഞ്ചാക്കോ തരകന് ആറ് പുത്രന്മാരും രണ്ട് പുത്രികളുമാണുണ്ടായിരുന്നത്. അവരിൽ ഇളയമകൻ അവിര ചെറുപ്പത്തിലേ മരിച്ചു. മൂത്ത പുത്രി അച്ചാമ്മയെ മേൽപാടത്ത് പുത്തൻപുരയിലും രണ്ടാമത്തെ പുത്രി മറിയാമ്മയെ ചെങ്ങന്നൂർ കാഞ്ഞിപ്പുഴേത്തും വിവാഹം ചെയ്തുകൊടുത്തു. കുഞ്ചാക്കോ തരകന്റെ സീമന്ത പുത്രൻ ഇരുപ്പൂട്ടി തരകൻ കോട്ടയിൽ പടിഞ്ഞാറേതിലും രണ്ടാമൻ ചാക്കോ പാവുക്കര വള്ളക്കാലിലും മൂന്നാമൻ യോഹന്നാൻ പുത്തൻവീട്ടിലും നാലാമൻ മാത്തച്ചൻ പുത്തൻവീട്ടിൽ കിഴക്കേതിലും അഞ്ചാമൻ മത്തായി കത്തനാർ കോട്ടയിൽ എന്ന പേരിൽ നിരണത്തും മാറിതാമസിച്ചു. മത്തായി കത്തനാരുടെ മകൻ നിരണത്തുനിന്നും മേൽപാടത്ത് കോട്ടയിൽ വന്ന് താമസിച്ചതുകൊണ്ട് ആ വീടിന് നിരണത്തേപുരയ്ക്കൽ എന്നു കൂടി പേരുണ്ട്. ഇന്ന് കുടുംബയോഗത്തിൽ ആകെ 150 വീടുകളുണ്ട്.

പൗരോഹിത്യം കോട്ടയിൽ കുടുംബത്തിന് പരമ്പരാഗതമായിട്ടുണ്ട്. മത്തായി കത്തനാർ കുടുംബസമേതം നിരണം പള്ളിയുടെ കിഴക്കുവശത്ത് താമസിച്ചു. അദ്ദേഹത്തിന്റെ ഇളയമകൻ ബഹനാൻ കത്തനാർ ദയറാ പട്ടക്കാരനായിരുന്നു. തക്സാ മലയാളത്തിൽ തർജ്ജമ

ചെയ്താണ് അദ്ദേഹം ആദ്യമായി നിരണം പള്ളിയിൽ കുർബ്ബാന ചൊല്ലിയത്. 38–ാം വയസ്സിൽ നിര്യാതനായ അദ്ദേഹത്തെ നിരണം പള്ളിയ്ക്കകത്ത് സംസ്കരിച്ചു. ഇരുപ്പൂട്ടി തരകന്റെ തൃതീയപുത്രൻ പട്ടേരിപ്പുരയ്ക്കൽ താമസിച്ചിരുന്ന മാത്തൻ കത്തനാരും പുത്തൻവീട്ടിൽ യോഹന്നാച്ചന്റെ പൗത്രൻ കൈതപ്പറമ്പിലച്ചനും (കോരുതു തോമാ കത്തനാർ) നിരണം പള്ളി വികാരിമാരായിരുന്നു. സ്ലീബാ ദാസ സമൂഹത്തിന്റെ സെക്രട്ടറിയായിരുന്ന കൊടുമുളയിൽ തോണ്ടുപറമ്പിൽ റ്റി. വി. ഫീലിപ്പോസ് കോർ എപ്പിസ്കോപ്പായും, പരുമല സെമിനാരി പള്ളി അസിസ്റ്റന്റ് വികാരിയായിരുന്ന കോട്ടയിൽ കെ. ജി മത്തായി കശീശ്ശായും ഈ കുടുംബാംഗങ്ങളാണ്.

ചേപ്പാട്ട് മാർ ദിവന്നാസിയോസിന്റെ സഹോദരി ഇളച്ചിയമ്മയെയാണ് ഇരുപ്പൂട്ടി തരകൻ വിവാഹം ചെയ്തിരുന്നത്. വള്ളക്കാലിൽ ചാക്കോയുടെ പ്രഥമപുത്രൻ ചാക്കോയും ടിയാന്റെ പ്രഥമ പുത്രൻ കൊച്ചു ചാക്കോയും നിരണത്തുപള്ളിയിലെ ട്രസ്റ്റികളായിരുന്നു.

കൈതപ്പറമ്പിൽ അച്ചൻ കൊല്ലവർഷം 1054 ൽ സ്വന്തം സ്ഥലത്ത് സ്ഥാപിച്ച എൽ. പി. സ്കൂളാണ് ഇപ്പോഴത്തെ എം. റ്റി. എൽ. പി. സ്കൂൾ. ഈ കുടുംബാംഗങ്ങളാണ് പമ്പാ തീരത്ത് കുറിയാക്കോസ് സഹദായുടെ നാമത്തിൽ ഒരു പള്ളി നിർമ്മിച്ചത്. മാർത്തോമ്മാ പള്ളിയും ബ്രദറൻ സഭയുടെ ഒരു ആരാധനാലയവും ഈ കുടുംബക്കാർ സ്ഥാപിച്ചിട്ടുണ്ട്. മാന്നാർ വീയപുരം റോഡ് നിർമ്മാണത്തിന് മുൻകൈ എടുത്തത് ഈ കുടുംബക്കാരാണ്. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ വല്യപ്പൻ എക്സ് M.L.C. V. J ഉമ്മനും ഈ കുടുംബത്തിന്റെ വള്ളക്കാലിൽ ശാഖാംഗങ്ങളാണ്.

# പൂർവചരിത്രം

എ. ഡി. 52 ൽ മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്ന് പള്ളികൾ സ്ഥാപിക്കുകയും സുവിശേഷത്തിൽ വിശ്വസിച്ചവരെ മത പരിവർത്തനം ചെയ്യിക്കുകയും ചെയ്തു. പൊന്നാനി താലൂക്കിൽ പാലൂർ എന്ന സ്ഥലത്ത് ഒരു ക്ഷേത്രത്തിനടുത്തുള്ള ഏതാനും നമ്പൂതിരി കുടുംബക്കാർ അക്കൂട്ടത്തിൽ ക്രിസ്ത്യാനികളായി ത്തീർന്നു. ഏതോ കാരണത്താൽ അവരിൽ ഏതാനും വീട്ടുകാർ തെക്കോട്ടു യാത്രതിരിച്ച് ഏറ്റുമാനൂർ വന്ന് ഒരു ക്ഷേത്രത്തിനടുത്ത് താമസിക്കുവാൻ ശ്രമിച്ചു. ക്രിസ്ത്യാനികൾ ക്ഷേത്രപരിസരത്ത് താമ സിക്കാൻ പൂർവ്വനിവാസികൾ സമ്മതിച്ചില്ല.

യക്ഷി വിഹാരരംഗമായ കുറവിലങ്ങാട് പോയി താമസിക്കാൻ അവരെ പറഞ്ഞയച്ചു. അവിടെ താമസിച്ചാൽ ക്രിസ്ത്യാനികളെ യക്ഷി നശിപ്പിച്ചുകളയുമെന്ന് അവർക്ക് നിശ്ചയമുണ്ടായിരുന്നു. കുറ വിലങ്ങാട്ട് കുടിയേറിപ്പാർത്തത് കള്ളി, കാളികാവ്, ശങ്കരി, പകലോ മറ്റം എന്നീ നാലു കുടുംബക്കാരായിരുന്നു.

അർക്കദയാക്കോന്മാർ എന്ന ആത്മീക സ്ഥാനം അവരിൽ ചിലർക്കുണ്ടായിരുന്നു. ക്രിസ്തബ്ദം 537 –ൽ കുറവിലങ്ങാട്ട് ആദ്യ മായി ഒരു പള്ളി പണിയിച്ചത് ഇവരാണ്. പള്ളികൾ സ്ഥാപിച്ച് ആരാ ധന നടത്തുകയും മറ്റും ചെയ്യുകയാൽ യക്ഷി അവിടെ നിന്നും പോയ തായി പിൻഗാമികൾ വിശ്വസിക്കുന്നു.

മേൽപറഞ്ഞ കുടുംബങ്ങളിൽ പകലോമറ്റം കുടുംബമാണ് കോട്ടയിൽ കുടുംബത്തിന്റെ പൂർവകുടുംബമെന്ന് ചരിത്രരേഖകളിൽ നിന്നും മനസ്സിലാകുന്നു. പകലോമറ്റം തറവാട്ടിൽ നിന്നും ആലപ്പാട്ട് എന്ന വീട്ടിലും അവിടെ നിന്നും മാറി താമസിച്ച കോട്ടയിൽ എന്ന വീട്ടിലെ അംഗമായ കുഞ്ചാക്കോ തരകൻ കുടുംബസമേതം തെക്കു പടിഞ്ഞാറോട്ടു സഞ്ചരിച്ച് പമ്പാ നദിയുടെ തെക്കേ കരയിൽ കാർത്തികപ്പള്ളി താലൂക്കിൽ വീയപുരം വില്ലേജിൽ മേൽപാടത്തു വന്ന് താമസമാക്കി. ആ വീടിന് കോട്ടയിൽ എന്ന് നാമകരണം ചെയ്തു. ഏതാണ്ട് 240 വർഷങ്ങൾക്കു മുമ്പാണ് ഇതു സംഭവിച്ചത്

എന്ന് കണക്കുകൾ കൊണ്ടു മനസ്സിലാക്കാം. ഈ കുടുംബം നിരണം വലിയപള്ളി ഇടവകയിൽ ചേർന്ന് ആരാധന നടത്തിയിരുന്നു.

കുഞ്ചാക്കോ തരകന്റെ പൂർവകുടുംബക്കാർ കുറവിലങ്ങാട്ട് കന്യകമറിയാമിന്റെ നാമത്തിലുള്ള വലിയപള്ളി ഇടവകയിൽപെട്ടവ രാണ്. ടിയാന്റെ ഭാര്യാഗൃഹം കുറവിലങ്ങാട്ട് കാളികാവ് കുടുംബ ത്തിൽ നിന്നും കിടങ്ങറയ്ക്കടുത്ത് കുന്നങ്കരി എന്ന സ്ഥലത്തു വന്ന് താമസിക്കുന്ന വാഴയിൽ വീടാണ്. ഈ രണ്ടു കുടുംബക്കാരും കത്തോലിക്കാ സമുദായക്കാരാണ്.

കുറവിലങ്ങാട്ട് പള്ളിയിലെ മൂന്നു നോമ്പുകാലത്തെ പള്ളി പെരുന്നാളിൽ ബന്ധുമിത്രാദികളെ സന്ദർശിക്കുന്നതിനായി കുഞ്ചാക്കോ തരകന്റെ കാലശേഷവും തന്റെ മക്കളും കൊച്ചുമക്കളും കുറവിലങ്ങാട്ട് പോയിട്ടുണ്ട്. തന്റെ പിതൃസഹോദരനായ മാത്തൂച്ചൻ കുറവിലങ്ങാട്ടുള്ള പള്ളിയും പൂർവകുടുംബവും സന്ദർശിച്ചിട്ടുള്ള തായി പരേതനായ പട്ടേരിപ്പുരയ്ക്കൽ ചാക്കോച്ചൻ പറഞ്ഞറിവുണ്ട്.

കുറവിലങ്ങാട് ഗവൺമെന്റ് ആശുപത്രിയിൽ ദീർഘവർഷ ങ്ങൾ ഡോക്ടറായിരുന്ന കൈതപ്പറമ്പിൽ കെ. സി. ജോണിന്റെ നേതൃത്വത്തിലുള്ള അന്വേഷണക്കമ്മറ്റി പൂർവചരിത്രങ്ങൾ അറിയു ന്നതിനായി 1969 ഓഗസ്റ്റ് 10 – ന് കുറവിലങ്ങാട് സന്ദർശിച്ചു. അവ രുടെ അന്വേഷണവിവരങ്ങൾ താഴെ ചേർക്കുന്നു.

കുറവിലങ്ങാട് വലിയപള്ളിയിൽ നിന്ന് ഉദ്ദേശം രണ്ടു കിലോ മീറ്റർ വടക്കു പടിഞ്ഞാറ് പകലോമറ്റം (ആലപ്പാട്ട് കോട്ടയിൽ) എന്നു വീട്ടുപേരുള്ള കുടുംബനാഥനെ പോയി കണ്ടു. ഇപ്പോൾ അദ്ദേഹ ത്തിന് 79 വയസ്സ് പ്രായമുണ്ട്. കോട്ടയിൽ എന്ന വീട്ടിൽ താമസിച്ചി രുന്നത് ടിയാന്റെ സഹോദരനായിരുന്നു. ആ വീടും പുരയിടവും വിറ്റുപോയി. അവിടെയുള്ള കോട്ടയിൽ വീട്ടുകാർക്ക് തരകൻ സ്ഥാന മുള്ളതായും മറ്റത്തിലച്ചൻ എഴുതിയിട്ടുള്ള ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായും അദ്ദേഹം പറഞ്ഞു.

കുറവിലങ്ങാട് വലിയ പള്ളിയുടെ തെക്കുമാറി, എം. സി. റോഡിന്റെ തൊട്ടു കിഴക്കുവശത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള അഞ്ച് കല്ലറകളുണ്ട്. അതിൽ ചില അക്ഷരങ്ങൾ കൊത്തിയിട്ടുള്ളത് പ്രാചീന മലയാളത്തിലെ വട്ടെഴുത്തു ലിപികളാണ്. അത് അഞ്ച് അർക്കദയാ ക്കോന്മാരെ അടക്കം ചെയ്ത കല്ലറകളാണെന്ന് വിശ്വസിക്കപ്പെടു ന്നു. കോട്ടയിൽ ശാഖയുടെ വകയായിരുന്ന ഈ സ്ഥലം അടുത്ത കാലത്ത് ഇപ്പോൾ ജീവിച്ചിരിക്കുന്ന വർക്കി തരകൻ മുതലായവർ പാലാ ബിഷപ്പിന്റെ പേർക്ക് ആധാരം എഴുതിക്കൊടുത്തു.

ഈ അർക്കദയാക്കോന്മാർ പകലോമറ്റം തറവാട്ടുകാരാ ണെന്നും മർത്തോമ്മാ ശ്ലീഹായിൽ നിന്നും പൗരോഹിത്യം തുടർച്ച യായി കിട്ടിയ ഒരു കുടുംബമാണ് കോട്ടയിൽ കുടുംബമെന്നും താഴെ പറയുന്ന കാരണങ്ങളാൽ വ്യക്തമാകുന്നതാണ്. മുൻ കാലങ്ങളിൽ പരമ്പരാഗതമായി പൗരോഹിത്യകുടുംബത്തിൽ നിന്നുമാണ് പട്ടം കൊടുത്തുവന്നിരുന്നത്. കുഞ്ചാക്കോ തരകന്റെ അഞ്ചാമത്തെ പുത്രൻ മത്തായി കത്തനാർ നിരണം പള്ളി വികാരിയായിരുന്നു. കുടുംബ പാരമ്പര്യം വച്ചായിരിക്കണം മത്തായി കത്തനാർക്ക് പട്ടം കിട്ടിയത് എന്ന് വിശ്വസിക്കാം. മത്തായി കത്തനാരുടെ ഇളയ മകൻ ബഹ നാൻ കത്തനാർ ദയറാ പട്ടക്കാരനായിരുന്നു. അദ്ദേഹം തക്സാ മല യാളത്തിലേക്ക് തർജമ ചെയ്ത് ആദ്യമായി നിരണം പള്ളിയിൽ കുർബ്ബാന ചൊല്ലി. 38 –ാ മത്തെ വയസ്സിൽ നിര്യാതനായ അദ്ദേ ഹത്തെ നിരണം പള്ളിക്കകത്ത് സംസ്കരിച്ചു.

പള്ളിക്കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനായി മത്തായി കത്തനാർ കുടുംബസമേതം നിരണം പള്ളിയുടെ കിഴക്കുവശത്ത് താമസിച്ചു. ആ വീടിന് കോട്ടയിൽ എന്നു പേരാണ്. അവിടെ ഇപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമികൾ താമസിച്ചു വരുന്നു.

കുഞ്ചാക്കോ തരകന്റെ പ്രഥമ പുത്രൻ ഇരുപ്പൂട്ടി തരകൻ ആഞ്ഞിലിമൂട്ടിൽ മെത്രാച്ചന്റെ (ചേപ്പാട്ട് മാർ ദിവന്നാസിയോസ്) സഹോദരി ഇളച്ചിയമ്മയെ വിവാഹം ചെയ്തു.

ഇരുപ്പൂട്ടി തരകന്റെ തൃതീയ പുത്രൻ പട്ടേരിപുരയ്ക്കൽ താമ

സിച്ചിരുന്ന മാത്തൻ കത്തനാരും കുഞ്ചാക്കോ തരകന്റെ തൃതീയ പുത്രൻ പുത്തൻവീട്ടിൽ താമസിച്ചിരുന്ന യോഹന്നാച്ചന്റെ പൗത്രൻ കൈതപ്പറമ്പിലച്ചൻ എന്നു വിളിച്ചിരുന്ന കോരുത് തോമ്മാ കത്തനാരും നിരണത്തു പള്ളിയിലെ പട്ടക്കാരും വികാരിമാരുമായിരുന്നു. (ഈ തലമുറയിലെ കൊടുമുളയിൽ തോണ്ടുപറമ്പിൽ റ്റി. വി. ഫീലിപ്പോസ് കോർ എപ്പിസ്കോപ്പാ ശ്ലീബാദാസ സമൂഹത്തിന്റെ സെക്രട്ടറിയും കോട്ടയിൽ കെ. ജി. മത്തായി കശീശ്ശാ പരുമല സെമിനാരി പള്ളിയിൽ അസിസ്റ്റന്റ് വികാരിയുമാണ്). ഇപ്രകാരം പൗരോഹിത്യം കോട്ടയിൽ കുടുംബത്തിന് പരമ്പരാഗതമാണ്.

കുഞ്ചാക്കോ തരകന്റെ ദ്വിതീയ പുത്രൻ വള്ളക്കാലിൽ താമസിച്ചിരുന്ന ചാക്കോയുടെ പ്രഥമ പുത്രൻ ചാക്കോയും ടിയാന്റെ പ്രഥമ പുത്രൻ കൊച്ചുചാക്കോയും നിരണത്തു പള്ളിയിലെ ട്രസ്റ്റികളും മേൽപൂട്ടിന്റെ താക്കോൽക്കാരുമായിരുന്നു.

കൊച്ചുചാക്കോ കൂടി വാദിയായി ആലപ്പുഴ ജില്ലാ കോടതിയിൽ കേസുകൊടുത്ത് യാക്കോബായക്കാർക്ക് അനുകൂലമായ വിധി സമ്പാദിച്ച് പള്ളിയും വസ്തുക്കളും നടത്തിയെടുത്തിട്ടുള്ളതാണ്. ടിയാന്റെ ആജീവനാന്തം മുഴുവൻ നിരണം പള്ളിയുടെ ട്രസ്റ്റിയും മേൽപൂട്ടിന്റെ താക്കോൽക്കാരനുമായിരുന്നു.

മദ്ധ്യതിരുവിതാംകൂറിൽ പുരാതനവും പ്രശസ്തവുമായ അനേകം കുടുംബങ്ങളുമായി കോട്ടയിൽ കുടുംബക്കാർ ആദ്യകാലം മുതൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നു. . കുഞ്ചാക്കോ തരകൻ പ്രകൃതി സുന്ദരമായ പമ്പാ നദിയുടെ തെക്കേ കരയിലുള്ള കോട്ടയിൽ വീട്ടിൽ താമസമാക്കി. ഏകദേശം ഒന്നര മൈൽ നീളത്തിലുള്ള പുരയിടങ്ങളും നിലങ്ങളും ഇലമ്പനം തോടിന്റെ ഇരുകരകളിലും ഒരു മൈൽ നീളത്തിലുള്ള പുരയിടങ്ങളും നിലങ്ങളും അദ്ദേഹം സമ്പാദിച്ചു. കുഞ്ചാക്കോത്തരകന്റെ സമ്പാദ്യം മക്കൾക്കായി ഭാഗിച്ചപ്പോൾ തന്റെ കാലശേഷം ശ്രാദ്ധം കഴിക്കുന്നതിനും മറ്റുമായി വീയപുരം വില്ലേജിൽ മേൽപാടം മുറിയിൽ സർവ്വേ 3473 – ാം നമ്പർ പുഞ്ച നിലം പൊതുവിൽ ഇട്ടിരുന്നതിന് ചാത്തക്കണ്ടം എന്നു പേരാണ്. ഈ പുഞ്ച നിലം ആണ്ടുതോറും നാലു ശാഖകളിൽ ഓരോരുത്തർ

മാറി മാറി കൃഷി ചെയ്തു വരുന്നതും കൃഷി ചെയ്യുന്ന ആളിന്റെ ചുമതലയിൽ തന്നാണ്ടത്തെ ശ്രാദ്ധ അടിയന്തിരം നടത്തി വരുന്നതു മാകുന്നു. മുൻ കാലങ്ങളിൽ കുഞ്ചാക്കോ തരകന്റെ ഓർമ്മദിവസ മായ **മേടം 18-**–ന് നിരണത്തുപള്ളിയിൽ കുർബ്ബാന ചൊല്ലിക്കുകയും ശ്രാദ്ധം നടത്തുകയും ചെയ്തിരുന്നു. ഇപ്പോൾ സൗകര്യാർത്ഥം തീയതി മാറ്റുന്നുണ്ടെങ്കിലും ആണ്ടുതോറും മുടക്കം കൂടാതെ നടത്തിവരുന്നു. അന്നേ ദിവസം തന്നെ കുടുംബയോഗവും നട ത്തുന്നു. കുഞ്ചാക്കോ തരകന് ആറ് പുത്രന്മാരും രണ്ടു പുത്രികളുമാ ണുണ്ടായിരുന്നത്. അതിൽ ഇളയ മകൻ അവിരാ ചെറുപ്പത്തിലേ മരിച്ചു. കുഞ്ചാക്കോ തരകന്റെ മൂത്ത പുത്രി അച്ചാമ്മയെ മേൽപാ ടത്ത് പുത്തൻപുരയിലും രണ്ടാമത്തെ പുത്രി മറിയാമ്മയെ ചെങ്ങ ന്നൂർ കാഞ്ഞിപ്പുഴേത്തും വിവാഹം കഴിപ്പിച്ചു.

കുഞ്ചാക്കോ തരകന്റെ സീമന്തപുത്രൻ ഇരുപ്പൂട്ടിത്തരകൻ കോട്ടയിൽ പടിഞ്ഞാറേതിലും രണ്ടാമത്തെ പുത്രൻ ചാക്കോ പാവു ക്കര വള്ളക്കാലിലും മൂന്നാമത്തെ പുത്രൻ യോഹന്നാൻ പുത്തൻവീ ട്ടിലും നാലാമത്തെ മകൻ മാത്തച്ചൻ പുത്തൻവീട്ടിൽ കിഴക്കേതിലും അഞ്ചാമചത്തെ പുത്രൻ മത്തായി കത്തനാർ കോട്ടയിൽ എന്ന വീട്ടു പേരോടുകൂടി നിരണത്തും മാറി താമസിച്ചു. മത്തായിക്കത്തനാരുടെ മകൻ നിരണത്തു നിന്ന് മേൽപാടത്ത് കോട്ടയിൽ വീട്ടിൽ വന്നു താമസിച്ചതുകൊണ്ട് ആ വീടിന് നിരണത്തേപുരയ്ക്കൽ എന്നുകൂടി വിളിച്ചു വരുന്നു. ഓരോരുത്തരുടെയും പിൻതലമുറ യഥാക്രമം (1) കോട്ടയിൽ പടിഞ്ഞാറേതിൽ ശാഖ (2) വള്ളക്കാലിൽ ശാഖ (3) പുത്തൻവീട്ടിൽ ശാഖ (4) പുത്തൻവീട്ടിൽ കിഴക്കേതിൽ ശാഖ (5) കോട്ടയിൽ പുരയ്ക്കൽ ശാഖ എന്നീപ്രകാരമാണ്. ഇപ്പോൾ ഈ കുടുംബത്തിൽ സ്ഥലത്തും വിദേശത്തുമായി നൂറ്റി അൻപതു വീട്ടു കാരും എഴുനൂറിൽപരം അംഗങ്ങളുമുണ്ട്. ഇവർ ഓർത്തഡോക്സ്, മാർത്തോമ്മാ, ബ്രദറൻ, പെന്തക്കോസ്ത്, കത്തോലിക്കാ മുതലായ സഭാ വിഭാഗങ്ങളിൽപ്പെട്ടവരാണ്.

ഇന്ന് നിസ്സാരങ്ങളെന്നു തോന്നാമെങ്കിലും നൂറ്റാണ്ടിനു മുൻപ് കോട്ടയിൽ കുടുംബക്കാർ ഇന്നാട്ടിൽ ചെയ്ത ചില പുരോഗമനപ്ര വർത്തനങ്ങൾ സ്മരണാർഹമാണ്. കൈതപ്പറമ്പിൽ അച്ചൻ (കോ

രുത് തോമ്മാ കത്തനാർ) കൊല്ലവർഷം 1054–ൽ മേൽപാടത്തുള്ള തന്റെ സ്ഥലത്ത് ഒരു എൽ. പി. സ്കൂൾ സ്ഥാപിച്ചു. അത് മാറ്റി സ്ഥാപിച്ചതാണ് ഇപ്പോഴത്തെ എം.റ്റി.എൽ.പി. സ്കൂൾ.

നിരണത്തു വലിയപള്ളി ഇടവകക്കാരായ ഈ നാട്ടുകാർക്ക് ആരാധന, വിവാഹം, ശവസംസ്കാരം ആദിയായ കാര്യങ്ങൾക്ക് പള്ളിയിൽ എത്തിച്ചേരുക ക്ലേശകരമായിരുന്നു. മേൽപറഞ്ഞ കുടുംബക്കാരുടെ ശ്രമഫലമായി പമ്പാ തീരത്ത് വിശുദ്ധ കുറിയാക്കോസ് സഹദായുടെ നാമത്തിൽ ഒരു പള്ളി നിർമ്മിച്ചു. മാർത്തോമ്മാക്കാരായ കുടുംബാംഗങ്ങളും മേൽപാടം മാർത്തോമ്മാപള്ളി സ്ഥാപിക്കാൻ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ബ്രദറൻ സഭയുടെ പ്രവർത്തകനും ആരാധനാ മന്ദിരം പണികഴിപ്പിച്ച ആളും – കോട്ടയിൽ കുടുംബാംഗം തന്നെ.

ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി നാട്ടുകാർ നിർമ്മിച്ച മാന്നാർ – വീയപുരം റോഡ് നിർമ്മാണത്തിലും കോട്ടയിൽ കുടുംബക്കാർക്ക് സുപ്രധാന പങ്കുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിൽ കോട്ടയിൽ കുടുംബക്കാരിൽ ചിലർ കേസിൽ പ്രതികളായി. ഇപ്രകാരം നാടിനും നാട്ടാർക്കും വേണ്ടി ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ചിട്ടുള്ളവരാണ് കോട്ടയിൽ കുടുംബക്കാർ.

കുടുംബാംഗങ്ങളിൽ ഭൂരിഭാഗവും കർഷകരാണ്. ഉദ്യോഗസ്ഥരായി പലരും കേരളത്തിലും വിദേശങ്ങളിലുമുണ്ട്. ദൈവകരുണയാൽ സാമ്പത്തിക നിലയിലും വിദ്യാഭ്യാസത്തിലും ഏതൽ കാലത്ത് നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ വാണിജ്യ രംഗത്തും വ്യവസായ രംഗത്തും കോട്ടയിൽ കുടുംബക്കാർ മുന്നേറേണ്ടിയിരിക്കുന്നു.

കുടുംബയോഗക്കമ്മറ്റി.

മേൽപാടം
സെപ്റ്റംബർ 1972

## A BRIEF HISTORY
## OF
## THE KOTTAYIL FAMILY AT MELPADOM.

Melpadom is one of the few places in the world that was physically shaped by the early settlers of the place. It was originally a swampy water-logged land lying in between two prominent rivers of Kerala - The Achenkoil River and the Pampa River. These two rivers meet at the western tip of Melpadom to form one river which flows down to the sea 15 km away. This triangular piece of land stretching westwards from Pavukkara, for about 4 km, till the confluence of the two rivers at Thuruthel is Melpadom. It is part of Veeyapuram village under KarthikappallyTaluk of the Alappuzha district in Kerala. Melpadom also forms one end of Kuttanad, the rice bowl of Travancore. Over the years, its early settlers converted this swampy land into “Punja Paddy Fields” and “Viruppu Paddy Fields” suitable for rice cultivation. With time they also raised the land along the Pampa River bank and built their houses.

The history of Melpadom relating to the first settlers dates back more than two hundred and thirty years. There is evidence to suggest that the first person to settle on the banks of the Pampa river in Melpadom was Kunjchacko Tharakan. Towards the end of the eighteenth century, before the time of the British displacing the Dutch as a political power in Cochin in 1795, a young man named Kunjchacko Tharakan arrived in Niranam. He was from the Kottayil family in Kuravilangad. He became a trader in agricultural commodities that were being sent to Alappuzha, which was a major sea port for trade with foreign countries.

In those days, the easiest, fastest and most convenient mode of transport was the waterways i.e.the rivers and canals leading to Alappuzha. On the lookout for a place to settle down, he found an ideal place on the banks of River Pampa at Melpadom. He must have been a brave and adventurous man, as people at that time were afraid to live isolated by the banks of the river. People feared crocodiles, of which there were plenty in the river. Robbers travelling in swift canoes along the river were also prevalant. Kunjchacko Tharakan built his house near the present day ferry “Kadavu” which faces the St. Thomas High School, Thevery situated on the opposite side of the river. He became a member of the St. Mary’s Syrian Church at Niranam. Slowly, more and more

families settled down in Melpadom. Most of them were involved in rice cultivation and its related activities.

Kunjchacko Tharakan's wife was from the Vazhayil Veedu family from a place close to Kidangara called Kunnamkari. They had six sons and two daughters. The youngest son Avira died in his youth. The elder daughter Achamma was married into the Puthenpurayil family in Melpadom itself. The younger daughter Mariamma was married into the Kanjipuzhathu family in Chengannur.

Kunjchacko Tharakan's first son was Irupputty Tharakan. He moved west of the original house and his house was known as Kottayil Padinjarethil. The second son Chacko moved further east and set up his house which is known as Vallakkalil. The third son was Yohannan who started the Puthenveettil branch of the family. The site of his house is where the present day St. Kuriakose Centenary Parish Hall is situated today. Mathechan was the fourth son. He married and set up his home east of his brother Yohannan's house and his house was known as Puthenveettil Kizhakkethil. The fifth son Mathai Kathanar was a priest. He became a vicar of St. Mary's Syrian Church, Niranam. His house was known as Kottayil House and was situated near the church. His descendants are still staying in Kottayil House at Niranam. One of Mathai Kathanar's sons returned to Melpadom and lived in the place where Kunjchacko Tharakan's original house was. This house is now known as Kottayil Niranathepurackal.

The descendants of Kunjchacko Tharakan spanning the 5th to the10th generation are still living in Melpadom. Today out of the 376 families (descendants of Kunjchako Tharakan) only about 50 families reside in Melpadom. The rest have moved to other parts of Kerala, India and other countries of the world.

The Kottayil family had a rich tradition of priesthood dating back many centuries. There were priests in the Kottayil family even in Kuravilangad. There is a plot of land south of the St. Mary's Church, Kuravilangad on the east side of M. C. Road, which has five tombs. These tombs are of the five priests belonging to the family and have inscriptions in the old Malayalam script. This land was owned by the Kottayil family of Kuravilangad. About 50 years ago, the Kottayil family

of Kuravilangad donated this plot of land to the Bishop of Pala, for its upkeep and maintenance.

The tradition of priesthood continued even after Kunjchacko Tharakan settled in Melpadom. Of his sons, the fifth son became a priest and was known as Mathai Kathanar, and was one of the vicars of St. Mary's Church, Niranam. Mathai Kathanar's youngest son Bahanan also became a priest. He is remembered specially for his translation of the "Thaksa" from Syriac to Malayalam and was the first to use it in the service at St. Mary's Church, Niranam. A book of prayers that he wrote in the Syriac language survives to this day. The front page of this hand-written manuscript is reproduced in this book. He died at the age of 38 and was buried inside the then St. Mary's Church, Niranam.

In nearly every generation there has been a priest in the Kottayil family. It is right and proper to mention their names. They were (in chronological order) Patteripurackal Mathen Kathanar, Kaithaparampil Koruth Thoma Kathanar and Puthenveettil Kizhakkethil Geevarghese Kathanar. In more recent times, we remember Rev. Fr. K. G. Mathai of Niranathepurackal and Rt. Rev. Fr. T. V. Philipose Cor Episcopa of the Kodumulayil Thonduparampil branch.

At present Rev. Fr. P. V. Ninan of Kottayil Kanneril family is a well-known priest of the Orthodox Syrian Church. The Golden Jubilee of his ordination as a priest was celebrated last year at St. Kuriakose Orthodox Church, Melpadom. Pastor Dr. Chacko Iype of the Akeril Thundathivadakkethil family is serving as the Central pastor of the Indian Pentacostal Church at Aluva. Rev. Fr. George Varghese, also of the Kottayil Kanneril family is a prominent young priest serving the Jacobite Syrian Church. Pastor N. C. Zachariah of Niranathepurackal family is at present serving as a pastor of the Indian Pentacostal Church at Trivandrum.

The Kottayil family in Melpadom had the privilege of playing a major role in starting the first four churches in Melpadom. The Marthoma Church, Melpadom was started in 1903 on a piece of land donated by Puthenveettil John P. John (Puthenveettil Pappy). The St. Kuriakose Orthodox Syrian Church was established a year later, in 1904. The land for the church was donated by Kottayil Padinjarethil Irupputty. The Bretheren Church members met for worship in the house of Padinjarethil Mathai Kunju from 1907 till his death in 1924. They then met for worship

at Puthenveettil Purackal Chacko's house. Puthenveettil Purackal Chacko donated the land for the Bretheren Church Hall. Thundathivadakkethil Iype was one of the founders of the Ceylon Pentacostal Church (now known as The Pentacostal Church) in Melpadom which was started in 1950.

The first school in Melpadom was started 125 years back in 1878, giving a head-start to education and proving to be a catalyst for change. This was started by Kaithaparampil Koruth Thoma Kathanar on his own land. This school was donated to the Mar Thoma Sabha thirty years later by his nephews. It is now known as Mar Thoma Lower Primary School and is situated in the Mar Thoma Church compound, Melpadom.

It is interesting to note that Kunjchacko Tharakan had set aside a paddy field measuring about 80 cents (0.8 acres). This land was to be cultivated by his descendants and the proceeds from it to be used to conduct a "Chatham" or "Sradham" (memorial service) as per the Syrian Church traditions. We do not know the year of his demise. However, since his death, a memorial service has been conducted every year on 'Medam 18' (around May 1st), for nearly two hundred years. Even today, every year one of his descendants living in Melpadom take turns to cultivate this paddy field. He then conducts the memorial service in the St. Kuriakose Orthodox Church, Melpadom. This is followed by a breakfast fellowship for which all members of the family in Melpadom and nearby places are invited.

As we were gathering the information needed for compiling this book, we realised that the majority of the 376 families of the Melpadom Kottayil Family have moved out of Melpadom. We also felt that some younger members of the family may not know Malayalam and some might not have even seen Melpadom.

This article in English is a humble attempt to meet the needs of the younger members of the Kottayil family who are not familiar with Malayalam. We hope to bring out an English translation of this book in the near future. The directory accompanying this book is already in English and would be most helpful to all members to make new contacts and renew old relationships.

We wonder if we have missed any family member. If so, we do apologize and request you to inform us. We will correct and rectify the records for the future. This effort has been going on for many years and we have faithfully included all verifiable information that we have received.


The first book about the family was published in 1972 and now after 33 years we are publishing the second edition. With the fast development of communication technology, we hope we will not need another 33 years for the next updated edition. We leave this challenge to the younger generations to take up.

Finally, we leave an open invitation to any of you planning to visit Melpadom in search of your roots. Please do contact us. We look forward to meeting you.

Melpadom,
04.11.2005

Dr.K.John Cherian
Kaithaparambil
Melpadom


## കുടുംബയോഗ - പുസ്തക പ്രസിദ്ധീകരണ കമ്മിറ്റി ഭാരവാഹികൾ




പ്രസിഡന്റ്
റ്റി.എ. ഏബ്രഹാം
തോണ്ടുപറമ്പിൽ
പുനലൂർ



വർക്കിങ്ങ്പ്രസിഡന്റ്
ജേക്കബ് ജോസഫ്
ആകേരിൽ
മേൽപാടം



സെക്രട്ടറി
ജോൺ വർഗീസ്
വള്ളക്കാലിൽ പുത്തൻപുരക്കൽ
മേല്പാടം



ജോ. സെക്രട്ടറി
അനിൽ കെ ജോസ്
കൊടുമുളയിൽ പുത്തൻപുരക്കൽ
മേൽപാടം



ട്രഷറാർ
മത്യു ഐപ്പ്
വള്ളക്കാലിൽ
മേൽപാടം



എഡിറ്റർ
കെ.എസ്. ഗീവർഗീസ്
കണ്ണേരിൽ
മേൽപാടം


## കുടുംബയോഗ - പുസ്തക പ്രസിദ്ധീകരണ കമ്മിറ്റി അംഗങ്ങൾ



ഒ. സി. കുര്യൻ
കിഴക്കേവീട്ടിൽ
മേൽപാടം



ജോൺ ജേക്കബ്
വള്ളക്കാലിൽ
പരുമല



എൻ. സി. ജോൺ
നിരണത്തേപുരക്കൽ
മേൽപാടം



കെ. എം തോമസ്
കോട്ടയിൽ
പരുമല



ജേക്കബ് ഐപ്പ്
കാരാഞ്ചേരിൽ
മേൽപാടം




മാത്യു പി.കുരുവിള
പട്ടേരിപുരക്കൽ
മേൽപാടം



പി. വി സിറിയക്ക്
കോട്ടയിൽകണ്ണേരിൽ
മേൽപാടം



കെ.സി. ജോസഫ്
കൊടുമുളയിൽ
പുത്തൽപുരക്കൽ
മേൽപാടം




മാത്യൂസ് ജേക്കബ്
കോട്ടയിൽ
പുത്തൻവീട്
മേൽപാടം

## കുടുംബയോഗ – പുസ്തക പ്രസിദ്ധീകരണ കമ്മിറ്റി അംഗങ്ങൾ




ജാജി എ. ജേക്കബ്
ആകേരിൽ
മേൽപാടം



ഡോ.കെ.ജെ.ചെറിയാൻ
കൈതപ്പറമ്പിൽ
മേൽപാടം



തോമസ് മാത്യു
മൂന്നാലിക്കൽ
മേൽപാടം



കോശി റ്റി. കോശി
തോട്ടുമാലിൽ
മേൽപാടം



ഏലിയാസ് ചെറിയാൻ
പുത്തൻവീട്ടിൽപുരക്കൽ
മേൽപാടം




മനോജ് പി.മാത്യു
ആകേരിൽ
പുത്തൻപറമ്പിൽ
മേൽപാടം



ജോസഫ് ഏബ്രഹാം
പട്ടേരിപുരക്കൽ
മേൽപാടം



സണ്ണി സഖറിയ
കണ്ണേരിൽ
മേൽപാടം



ജോസഫ് ജോർജ്
കൊടുമുളയിൽ
പുത്തൽപുരക്കൽ
മേൽപാടം